## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3326 — 11.05. 2017 ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.ക്ക് കിട്ടാനുള്ള കുടിശ്ശിക ഇനം തിരിച്ച കണക്ക്

ചോദ്യം

ശ്രീ.പി.കെ.ബഷീർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക തുക എത്രയെന്നും 2017 മാർച്ച് മാസം വരെ ഇത് എത്ര തുക വരുമെന്നും വ്യക്തമാക്കുമോ;<br>(ബി) ഇവയിൽ വിവിധ സർക്കാർ വകുപ്പുകൾ, വാട്ടർ അതോറിറ്റി, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും, യൂണിവേഴ്സിറ്റികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ ഓരോ വിഭാഗവും അടയ്ക്കേണ്ട കുടിശ്ശിക തുക എത്ര എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) 31.03.2017 -ലെ ത്രൈമാസ കണക്ക പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് വിവിധ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക 2121.68 കോടി രൂപയാണ്. (പലിശ ഉൾപ്പെടാതെ) . ഇവ താഴെപ്പറയും പ്രകാരമാണ് .<br>1 – സർക്കാർ വകുപ്പുകൾ – 136.34 കോടി<br>2 – വാട്ടർ അതോറിറ്റി – 1008.05 കോടി<br>3 – പൊതുമേഖലാ സ്ഥാപനങ്ങൾ – 255.22 കോടി<br>4 – തദ്ദേശ ഭരണ സ്ഥാപനങ്ങൾ – 5.35 കോടി<br>5 – കേന്ദ്ര സർക്കാർ വകുപ്പുകൾ – .26 കോടി<br>6 – കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ – 42.24 കോടി<br>7 – ഇന്റർ സ്റ്റേറ്റ് എനർജി – 4.04 കോടി<br>8 – സ്വകാര്യ സ്ഥാപനങ്ങൾ – 587.11 കോടി<br>9 – ലൈസൻസികൾ – 14.25 കോടി<br>10 – സ്വയംഭരണ സ്ഥാപനങ്ങൾ – .03 കോടി<br>11 – ഗാർഹിക ഉപഭോക്താക്കൾ – 68.81 കോടി<br>**ആകെ – 2121.68 കോടി** |
| (സി) സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, ഫ്ലാറ്റുകൾ, കെട്ടിട സമുച്ചയങ്ങൾ, വൻകിട കച്ചവട സ്ഥാപനങ്ങൾ തുടങ്ങി ഹൈ ടെൻഷൻ, ലോ ടെൻഷൻ വിഭാഗം അടയ്ക്കേണ്ട കുടിശ്ശിക തുക എത്ര; സ്ഥാപനങ്ങളുടെ പേരുൾപ്പെടെ വിശദാംശം ലഭ്യമാക്കുമോ; | (സി) (1) സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയ ലോ ടെൻഷൻ വിഭാഗം 31.03.2017 വരെ കെ.എസ്.ഇ.ബി.എൽ. -ന് അടക്കാനുള്ള കുടിശ്ശിക തുക 110.98 കോടി രൂപ.<br>(2) സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, വൻകിട വ്യവസായ സ്ഥാപനങ്ങൾ, കെട്ടിട സമുച്ചയങ്ങൾ, ഫ്ലാറ്റുകൾ തുടങ്ങിയ ഹൈടെൻഷൻ വിഭാഗം 31.03.2017 വരെ കെ.എസ്.ഇ.ബി. എൽ - ന് അടക്കാനുള്ള കുടിശ്ശിക തുക 476.13 കോടി രൂപയും ആണ്. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) കുടിശ്ശികയിനത്തിൽ എത്ര തുകയുടെ പിരിച്ചെടുക്കലുമായി ബന്ധപ്പെട്ട കോടതികളിൽ കേസ്സുകൾ നിലവിലുണ്ട്; | (ഡി) വിവിധ കോടതികളിലായി 371,97,30,456/- രൂപയുടെ കുടിശ്ശികയുമായി ബന്ധപ്പെട്ട കേസുകൾ നിലവിലുണ്ട്. |

| | |
|---|---|
| (ഇ) പ്രസ്തുത കടിശ്ശിക തുക അടിയന്തരമായി പിരിച്ചെടുക്കാനും സ്റ്റേകൾ പിൻവലിക്കാനും കോടതി കേസുകൾ യഥാവിധി കൈകാര്യം ചെയ്ത് തീർപ്പുണ്ടാക്കാനും എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ; | (ഇ) കോടതി വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്ന തുക അടിയന്തിരമായി പിരിച്ചെടുക്കുവാനും നിലവിലുള്ള സ്റ്റേകൾ പിൻവലിക്കാനും കോടതി കേസുകൾ യഥാവിധി കൈകാര്യം ചെയ്ത് തീർപ്പുണ്ടാക്കാനുമായി ആവശ്യമായ നിർദ്ദേശം കെ.എസ്.ഇ ബോർഡിന്റെ കൊച്ചിയിലുള്ള ലീഗൽ ലെയ്സൺ ഓഫീസർക്ക് നൽകുകയും അഡ്വക്കേറ്റ്സിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും ചെയ്തിട്ടുണ്ട്. |
| (എഫ്)വൻകിട ഉപഭോക്താക്കളിൽ നിന്നുള്ള കടിശ്ശിക പിരിച്ചെടുക്കാനും വൈദ്യുതി ചാർജ്ജ് വർദ്ധന പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (എഫ്) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ച് വരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ച് വരുന്നു, കേസ്സുകളുടെ തീർപ്പാക്കൽ വേഗത്തിലാക്കാനായി കോടതിക്കു പുറത്തുള്ള അദാലത്തുകൾ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടങ്ങിയവയും കോടതി അനുവദിച്ച സ്റ്റേകൾ നീക്കാനായി അഭിഭാഷകർ വഴി അടിയന്തിര ഹർജികൾ ഫയൽ ചെയ്യാറുണ്ട്.<br>സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഓരോ സാമ്പത്തിക വർഷത്തിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അടുത്ത സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവു ചെലവുകണക്കുകൾ വിശദമായി പരിശോധിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ റവന്യൂ കമ്മി നിജപ്പെടുത്തുകയും ടി കമ്മി നികത്തുന്നതിന് താരിഫ് പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള കണക്കുകളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രധാന വരുമാന സ്രോതസ്സ് വൈദ്യുതി ചാർജ്ജിൽ നിന്നാണ്. ഓരോ ഉപഭോക്താവിൽ നിന്നും വൈദ്യുതി ബില്ല് പ്രകാരം അടുത്ത സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്യുന്ന ആകെ തുകയാണ് താരിഫ് വരുമാനമായി കണക്കാക്കുന്നത്. ഇതിനെ തുടർന്ന് Audited Accounts-ന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്നTrue-up petition-നിലും യഥാർത്ഥത്തിൽ ബില്ല് ചെയ്യപ്പെടുന്ന തുകയാണ് താരിഫിൽ നിന്നുള്ള വരുമാനമായി കണക്കാക്കുന്നത്.<br>ബില്ലുകൾ പ്രകാരം അടയ്ക്കുന്ന തുകയും (സമയപരിധിക്കുള്ളിൽ അടയ്ക്കുന്നതോ അല്ലാത്തതോ ആയാലും) താരിഫ് വർദ്ധനവും തമ്മിൽ നേരിട്ട് ബന്ധമില്ല. അതായത്, താരിഫ് പരിഷ്കരണത്തിനു വേണ്ടി കമ്മീഷൻ നിശ്ചയിച്ചു നൽകുന്ന റവന്യൂ കമ്മിയും കടിശ്ശികയും തമ്മിൽ നേരിട്ടു ബന്ധമില്ല. |

സെക്ഷൻ ഓഫീസർ